കൺട്രോളർ ഓഫ് എക്സാമിനേഷൻസ്
മഹാരാജാസ് കോളേജ്, എറണാകുളം
(ഒരു സർക്കാർ സ്വയംഭരണ കോളേജ്)

**Helpline No: 91889 58798**

തീയതി 10.03.2026

## ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള അറിയിപ്പ്

1. ആറാം സെമസ്റ്റർ UG ( 2023 Admn –Regular, 2020,2021,2022 admissions Supplementary) March 2026 പരീക്ഷകൾക്ക് അപേക്ഷിച്ചിട്ടുള്ളവർ പരീക്ഷാ രജിസ്ട്രേഷനായി ഉപയോഗിച്ച വിദ്യാർത്ഥി ലോഗിൻ ഉപയോഗിച്ച് വെബ് പോർട്ടലിൽ നിന്നു (https://maharajas.ac.in/mhsuite) ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യേണ്ടതാണ്.
2. ലോഗിൻ password മറന്നുപോയവർ ഓഫീസ് പ്രവർത്തനസമയത്ത് കോളേജ് ഓഫീസിലെ കമ്പ്യൂട്ടർ സെന്ററുമായി ബന്ധപ്പെടേണ്ടതാണ്.
3. ഹാൾ ടിക്കറ്റ് സ്വന്തം ലോഗിനിൽ നിന്നും ഡൗൺലോഡ് ചെയ്താൽ മാത്രമേ റിസൾട്ട് സ്വന്തം ലോഗിനിൽ ലഭ്യമാവുകയുള്ളൂ.
4. ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യേണ്ട അവസാന തീയതി ചുവടെ ചേർത്തിരിക്കുന്നു.

| പരീക്ഷയുടെ പേര് | ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള അവസാന ദിവസം | പരീക്ഷ ആരംഭിക്കുന്ന തീയതി |
|---|---|---|
| ആറാം സെമസ്റ്റർ UG ( 2023 Admn –Regular, 2020,2021,2022 admissions Supplementary)March 2026 | 12.03.2026 | 16.03.2026 |

5. വകുപ്പുമേധാവിയുടെ ഓൺലൈൻ പരിശോധനയ്ക്കുശേഷമാണ് ഹാൾ ടിക്കറ്റ് പരീക്ഷാർത്ഥികൾക്കു ലഭ്യമാകുന്നത്. അതിനാൽ ഡൗൺലോഡ് ചെയ്യുന്ന ഹാൾ ടിക്കറ്റിൽ വകുപ്പുമേധാവിയുടെ ഒപ്പ് ആവശ്യമില്ല.
6. ഹാൾ ടിക്കറ്റിൽ ഫോട്ടോ പ്രിന്റ് ചെയ്തു വന്നിട്ടില്ലാത്ത / വ്യക്തമല്ലാത്ത വിദ്യാർത്ഥികൾ കോളജ് വെബ് പോർട്ടലിൽ ലോഗിൻ ചെയ്ത് ഫോട്ടോ ചേർത്ത് വകുപ്പുമേധാവിയുടെ അംഗീകാരത്തോടെ എത്രയുംവേഗം ക്രമപ്പെടുത്തേണ്ടതാണ്. എന്തെങ്കിലും സാങ്കേതികതടസം ഉണ്ടെങ്കിൽ കോളേജ് ഓഫീസിലെ കമ്പ്യൂട്ടർ സെന്ററുമായി ബന്ധപ്പെടേണ്ടതാണ്. **ഹാൾ ടിക്കറ്റിൽ ഫോട്ടോ പ്രിന്റ് ചെയ്തു വന്നിട്ടില്ലാത്ത പരീക്ഷാർത്ഥികൾക്ക് പരീക്ഷ എഴുതാൻ സാധിക്കുന്നതല്ല.**
7. അപ്രതീക്ഷിത സാങ്കേതിക തകരാറുകൾമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ, അവസാന ദിവസത്തേക്കു കാത്തുനിൽക്കാതെ എത്രയുംവേഗം ഹാൾ ടിക്കറ്റ് ഡൗൺലോഡു ചെയ്ത് പ്രിന്റ് എടുത്തുവയ്ക്കാൻ പരീക്ഷാർത്ഥികൾ ശ്രദ്ധിക്കണം.
8. പരീക്ഷ നടക്കുന്ന ദിവസം ഹാൾ ടിക്കറ്റ് പ്രിന്റൗട്ട് പരീക്ഷാ ഹാളിൽ കൊണ്ടുവരണം.
9. **ഏതെങ്കിലും കാരണവശാൽ ഹാൾടിക്കറ്റ് നഷ്ടപ്പെട്ടാൽ കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഓഫീസിൽ നിന്നും സീൽ ചെയ്തു നൽകുന്ന (നിർദിഷ്ട ഫീസ് അടച്ച്) Duplicate Hall Ticket ഉപയോഗിച്ച് മാത്രമേ തുടർ പരീക്ഷകൾ എഴുതാൻ സാധിക്കൂ.**
10. എന്തെങ്കിലും സാങ്കേതികതകരാറുകൾ മൂലം ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുവാൻ സാധിക്കുന്നില്ലെങ്കിൽ പരീക്ഷയ്ക്ക് ഒരു ദിവസം മുൻപെങ്കിലും പരീക്ഷാ കൺട്രോളർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. **പരീക്ഷാ ദിനങ്ങളിൽ യാതൊരു കാരണവശാലും ഹാൾടിക്കറ്റ് നൽകുന്നതല്ല.**
11. ഹാൾ ടിക്കറ്റിൽ ഏതെങ്കിലും രീതിയിലുള്ള ക്രമക്കേടുകൾ വരുത്തുന്നത് പരീക്ഷാക്രമക്കേടായി കണക്കാക്കുന്നതാണ്.
12. പരീക്ഷ എഴുതുവാൻ ഉപയോഗിച്ച Hall Ticket സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. ആവശ്യപ്പെട്ടാൽ പരീക്ഷ കൺട്രോളറുടെ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

OFFICE OF THE CONTROLLER OF EXAMINATIONS MAHARAJA'S COLLEGE

Controller of Examinations